പഴയ ഇന്റീരിയറിന് പുതുമ കൊണ്ടുവരാൻ ആഗ്രഹിക്കുന്നവർക്കായി പുതുപുത്തൻ ആശയങ്ങൾ.

പഴയ മുറിയുടെ പടങ്ങളും അളവുകളും മറ്റു വിശദാംശങ്ങളും 'വനിത വീടി'ന് ഇ–മെയിൽ ചെയ്യുക.
vanithaveedu@mmp.in

# സ്വപ്നം പോലെ...







BEFORE

ഡിസൈനർ:
പി. ആർ. ജുഡ്സൺ
ഡിസൈനർ, ജുഡ്സൺ അസോഷ്യേറ്റ്സ്, കൊച്ചി & യുഎഇ.
email:judsonasso@gmail.com

വെനീറിൽ തടിയുടെ ഫിനിഷ് കൊടുത്താണ് പഴയ കിടപ്പുമുറിയെ ഡിസൈനർ, സ്റ്റൈലിഷ് ആക്കി മാറ്റിയിരിക്കുന്നത്. ഒരു സ്വപ്നം പോലെ...

**ഹെഡ്ബോർഡ്:** പഴയ കട്ടിലിന്റെ രൂപമാറ്റം ശ്രദ്ധേയം. ഹെഡ്ബോർഡിന് അല്പം പൊക്കം കൂട്ടിയെടുത്തപ്പോൾ മുറിക്കും തലക്കനം കൂടി. ഫുട്ബോർഡ് എടുത്തു കളഞ്ഞു. കട്ടിലിനൊപ്പം കിടക്കയും ഉയരം കൂടിയതാക്കി കട്ടിലിനു താഴെയായി ഒരു റഗ്ഗും കൂടെയായപ്പോൾ റൊമാന്റിക് ഫീൽ കൂടി.

**ജനലുകൾ:** യാതൊരു സ്ഥാന വ്യത്യാസവും ഇല്ലെങ്കിലും ജനലുകൾ കൂടുതൽ ആകർഷകമായി. ടഫൻഡ് ഗ്ലാസും ഞൊറിയുള്ള കർട്ടനും ആണ് ഇതിനു പിന്നിൽ.

**കബോർഡുകൾ:** ഓപൺ ഷെൽഫുകൾക്ക് വെനീർ ഒട്ടിച്ച എംഡിഎഫ് ഷട്ടറുകൾ മാറ്റു കൂട്ടുന്നു.

**ഇൻഡയറക്ട് ലൈറ്റിങ്:** ഫോൾസ് സീലിങ് ചെയ്ത് ഇൻഡയറക്ട് ലൈറ്റ് കൊടുത്തപ്പോൾ ഭിത്തികൾക്ക് രാത്രിയിൽ സ്വർണവർണം.

**പാനലിങ്:** കട്ടിലിന്റെ തല ഭാഗത്തുള്ള ചുവരിലും സീലിങ്ങിലും വെനീർ ബോർഡുകൾ പാനലിങ് ചെയ്തതോടെ സംഗതി ഗംഭീരം. ■